പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 200 — 8.6.2015-ലെ മറുപടിക്ക്

ശിക്ഷാ കാലാവധി പൂർത്തിയാക്കിയ തടവുകാരുടെ മോചനം

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് ശിക്ഷാ കാലാവധി പൂർത്തിയാക്കിയിട്ടും ജയിലുകളിൽ കഴിയുന്ന തടവുകാരുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. ശിക്ഷാ കാലാവധി പൂർത്തിയാക്കിയ സഹബുൾ, S/o.സത്താർ എന്ന ഒരു ബംഗ്ലാദേശ് തടവുകാരൻ ജയിലിൽ കഴിയുന്നുണ്ട്. |
| ബി) ഇവരെ മോചിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; | (ബി)ഡീപോർട്ടേഷൻ നടപടികൾ വൈകുന്നതിനാലാണ് ഈ തടവുകാരനെ ജയിലിൽതന്നെ പാർപ്പിച്ചിരിക്കുന്നത്. |
| സി) ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നവരുടെ പട്ടിക മുൻകൂറായി തയ്യാറാക്കി യഥാസമയം ഇവരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നവരുടെ പട്ടിക മുൻകൂറായി തയ്യാറാക്കി തടവുകാരെ യഥാസമയം വിട്ടയയ്ക്കുന്നുണ്ട്. എന്നാൽ ഡീപോർട്ടേഷൻ നടപടികൾ യഥാസമയം പൂർത്തിയാക്കാത്ത വിദേശ തടവുകാരെ പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതുവരെ ജയിലുകളിൽതന്നെ പാർപ്പിക്കുന്നു. |
| ഡി) ശിക്ഷാ കാലാവധി പൂർത്തിയാക്കിയ തടവുകാരെ യഥാസമയം മോചിപ്പിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ പര്യാപ്തമായ നയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) ശിക്ഷ പൂർത്തിയാക്കുന്ന തടവുകാരെ യഥാസമയംതന്നെ മോചിപ്പിക്കണം എന്ന നയം തന്നെയാണ് സർക്കാർ പിന്തുടർന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ